"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന്റെ പേരിൽ എറണാകുളം അഡീഷണൽ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.9754/2018/ധന.** തിരുവനന്തപുരം, തീയതി **27/11/2018**

പരാമർശം:- 1. 03/08/2018 ലെ സ.ഉ.(സാധ) നം. 6632/2018/ധന നമ്പർ

2. 06.08.2018 & 22/10/2018 തീയതികളിലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, ചീഫ് എക്സിക്യൂട്ടീവ്(ഇൻ ചാർജ്ജ്)-ന്റെ ജി5-17644/16 നമ്പർ കത്തുകൾ.

3. ഭരണവകുപ്പ് ഫയൽ നം:LBRD-H3/226/2018-LBRDComputer No:927838

**<u>ഉത്തരവ്</u>**

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, സ്കാറ്റേർഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് ഓണത്തോടനുബന്ധിച്ച് പെൻഷൻ വിതരണം ചെയ്യുന്നതിനായി പരാമർശം 1ലെ ഉത്തരവ് പ്രകാരം 2,21,19,900/-രൂപ(രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് നിലവിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് (STSB) ഇല്ലാത്തതിനാൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന്റെ പേരിൽ എറണാകുളം അഡീഷണൽ സബ് ട്രഷറിയിൽ ഒരു സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിയ്ക്കുന്നതിന് അനുമതി നൽകണമെന്ന് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, ചീഫ് എക്സിക്യൂട്ടീവ്(ഇൻ ചാർജ്ജ്) അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, സ്കാറ്റേർഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ആവശ്യത്തിലേക്കു മാത്രമായി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന്റെ പേരിൽ എറണാകുളം അഡീഷണൽ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ്(ഇൻ ചാർജ്), കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, P.B. No. 2017, S.R.M. റോഡ്, എറണാകുളം, കൊച്ചി - 682 018
ധന(ലേബർ)വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ